# ജില്ലാ മെഡിക്കൽ ആഫീസ് (ആരോഗ്യം) എറണാകുളം

പാർക്ക് അവന്യൂ, എറണാകുളം - 682011

☎ 0484 -2360802 ✉ dmohekmoffice@gmail.com


നം.എ6-1136/2019

തീയതി : 26.10.2019

## പരിപത്രം

വിഷയം :- ആരോഗ്യ വകുപ്പ് - എറണാകുളം ജില്ലാ - 14ാം കേരള നിയമസഭയുടെ 16-ാം സമ്മേളനം- സംബന്ധിച്ച്.

സൂചന :- 1) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15.10.2019ലെ ഇ.എച്ച്3-83891/2019 നമ്പർ കത്ത്

2) ഉത്തരവ് നം.എ6-1136/2019 തീയതി.18.10.2019

14-ാം കേരള നിയമസഭയുടെ 16-ാം സമ്മേളനം 28.10.2019 മുതൽ 21.11.2019 വരെ ചേരുന്നതിനാൽ ഈ സമയത്ത് നിയമസഭയിൽ ഉന്നയിക്കപ്പെടുന്ന ചോദ്യങ്ങൾക്ക് സമയബന്ധിതമായി മറുപടി തയ്യാറാക്കി സമർപ്പിക്കുന്നതിനായി ജില്ലയിലെ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലേയും സ്ഥാപനമേധാവികൾക്ക് നിർദ്ദേശം നൽകുന്നു. പ്രധാനപ്പെട്ട ആശുപത്രികളിൽ (ജനറൽ / ജില്ലാ / താലൂക്കാശുപത്രികൾ / സി.എച്ച്.സികൾ എന്നിവിടങ്ങളിൽ) നിയമസഭ സമ്മേളനം നടക്കുന്ന തീയതികളിൽ വൈകിട്ട് 5 മണി മുതൽ 7 മണി വരെ ലഭിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി തയ്യാറാക്കി സമർപ്പിക്കുന്നതിനായി ജീവനക്കാർക്ക് ചുമതല നൽകേണ്ടതാണ്. ആഫീസിൽ ഒരു ക്ലർക്ക് മാത്രമുള്ള സ്ഥാപനങ്ങൾ വൈകിട്ട് 5 മണി മുതൽ 7 മണി വരെ ചോദിക്കുന്ന ചോദ്യങ്ങൾക്ക് ജീവനക്കാർ ഇല്ലായെന്ന കാരണത്താൽ മറുപടി ലഭ്യമാക്കാതിരിക്കരുത് എന്ന് കൂടി പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തുന്നു.

28/10

ജില്ലാ മെഡിക്കൽ ആഫീസർ (ആ) ക്കു വേണ്ടി
എറണാകുളം

28/10

സ്വീകർത്താവ്

എല്ലാ സ്ഥാപന മേധാവികൾക്കും

പകർപ്പ് :

1) ജില്ലാ മെഡിക്കൽ ആഫീസറുടെ മേശപ്പുറം
2) ~~നോഡൽ ആഫീസർ, നിയമസഭ സെൽ~~
3) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് / ജൂനിയർ സൂപ്രണ്ട് സി വിഭാഗം
4) സി4 വിഭാഗം
5) ഫയൽ